**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 157** **30-09-2025 - ൽ മറുപടിയ്ക്ക്**

**കൊഴുപ്പ് നീക്കൽ ശസ്ത്രക്രിയയെ തുടർന്ന് വിരലുകൾ മുറിച്ചു മാറ്റിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അടിവയറ്റിലെ കൊഴുപ്പുനീക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ യുവതിയുടെ ഒൻപത് വിരലുകൾ മുറിച്ചു മാറ്റേണ്ടി വന്ന സംഭവത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കോസ്മറ്റിക് ക്ലിനിക്ക് എന്ന സ്വകാര്യ ക്ലിനിക്കിൽ അടിവയറ്റിലെ കൊഴുപ്പ് നീക്കം ചെയ്യുന്നതിനു നടത്തിയ ശസ്ത്രക്രിയയെ തുടർന്ന് യുവതിക്ക് വിരലുകൾ നഷ്ടമായത് സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖേന ലഭ്യമാക്കിയ (G3250303644-എ) പരാതി പ്രകാരവും കഴക്കൂട്ടം അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കാര്യാലയത്തിൽ സമർപ്പിച്ച പരാതി പ്രകാരവും 10/04/2025-ന് തിരുവനന്തപുരം അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം, RCH ഓഫീസർ എന്നിവർ ആരോപണം ഉന്നയിക്കപ്പെട്ട ആശുപത്രിയിലെ ജീവനക്കാർ, പരാതിക്കാരൻ എന്നിവരെ നേരിട്ട് കേട്ട് അന്വേഷണം നടത്തിയിരുന്നു. തുടർന്ന് ജില്ലാതല, സംസ്ഥാനതല മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റികൾ യോഗം ചേരുകയും, റിപ്പോർട്ടുകൾ വിശകലനം ചെയ്ത് വിദഗ്ദ്ധാഭിപ്രായം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തിരുവനന്തപുരം, RCH ഓഫീസർ തിരുവനന്തപുരം എന്നിവർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങൾ താഴെപ്പറയുന്നവയായിരുന്നു.<br><br>• സാധാരണ ചെയ്യുന്ന Liposuction എന്ന പ്രക്രിയ തന്നയാണ് ചികിത്സയ്ക്ക് വിധേയയായ യുവതിയ്ക്കും ചെയ്തിരിക്കുന്നത്. അതിനുശേഷം ഉണ്ടായ രക്തസമ്മർദ്ദം കുറവ്, രക്ത നഷ്ടം, ഹൃദയ സ്തംഭനം മുതലായവയെ പരിഹരിക്കാനായി നൽകിയ മരുന്നുകളും പ്രസ്തുത അവസ്ഥയിലെത്താൻ കാരണമായി എന്ന് അനുമാനിക്കുന്നു. |

- കൂടാതെ ഈ സ്ഥാപനം തമ്പുരാൻമുക്കിലേക്ക് മാറുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുകയും പ്രവർത്തിക്കാൻ വേണ്ട മറ്റു സാഹചര്യങ്ങൾ ഒരുക്കിയിരുന്നുവെങ്കിലും സംഭവം നടക്കുന്ന 22/02/2025-ന് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരമുള്ള സ്ഥിര രജിസ്ട്രേഷൻ കരസ്ഥമാക്കിയിരുന്നില്ല.
- കൂടാതെ, പ്രസ്തുത യുവതിക്ക് സർജറി ചെയ്ത കോസ്മറ്റിക് ക്ലിനിക്, അരശുംമൂട്, കുഴിവിള റോഡ്, Near Infosys Campus, തമ്പുരാൻമുക്ക് എന്ന സ്ഥാപനത്തിന്റെ ടി മേൽവിലാസത്തിന് പകരം ടിയാളുടെ ചികിത്സാ രേഖയിൽ രേഖപ്പെടുത്തിയിരിക്കുന്നത് Cosmetiq Cilnic, Pulli Lane, Chacka-Pettah road, Trivandrum, Kerala, 695024 എന്നാണ്. ഇതും മേൽ ആക്ട് പ്രകാരമുള്ള പോരായ്മയായി കാണുന്നു.

അടിവയറ്റിലെ കൊഴുപ്പുനീക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ യുവതിയുടെ ഒൻപത് വിരലുകൾ മുറിച്ചു മാറ്റേണ്ടി വന്ന സംഭവത്തിൽ ക്രൈം നമ്പർ. 353/2025 പ്രകാരം തുമ്പ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആശുപത്രികളിലെ ചികിത്സാ പിഴവ് സംബന്ധിച്ച കേസുകൾ അന്വേഷിക്കുന്നതിനും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും 21/04/2025-ലെ സർക്കുലർ നമ്പർ.SSB3/323/2024-Home-ൽ സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പോലീസ് വകുപ്പിൽ നിന്നും ജില്ലാതല വിദഗ്ധ പാനലിനു വിദഗ്ധ അഭിപ്രായം ലഭ്യമാക്കുന്നതിന് കേസ് രേഖകൾ കൈമാറുകയും, 08/05/2025, 09/05/2025 എന്നീ തീയതികളിൽ ജില്ലാതല വിദഗ്ധ പാനൽ ചേരുകയും ചുവടെ നൽകിയിരിക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

- "In the opinion part of the report it is stated that" Patient presented with systemic complication (Tachycardia, Hypotension, Tachypnoea, Decreased urine output) to Cosmetiq Clinic on 24/02/2025 at 9.30 am. She was treated with IV fluids, Oxygen, Albumin infusion, Blood transfusion till 7 pm. As

| | | | |
|---|---|---|---|
| | | | her condition was not improving, she was referred to a higher centre.<br>• In view of these signs, she could have been referred early to a higher centre for further care and treatment."<br>• In the report it is not mentioned whether the above delay is negligence or not and whether the delay potentially worsened the patient's condition which lead to her existing conditions.<br>• Hence the panel members couldn't arrive at a final conclusion in this regard."<br><br>ടി റിപ്പോർട്ടിൽ ചികിത്സാ പിഴവ് ഉണ്ടായതായി പരാമർശിച്ചിട്ടില്ല. കൊഴുപ്പ് നീക്കൽ ശസ്ത്രക്രിയയെ തുടർന്ന് ഉണ്ടായ കോംപ്ലിക്കേഷനെ തുടർന്ന് പേഷ്യന്റിനെ തിരുവനന്തപുരത്തെ മറ്റൊരു സ്വകാര്യ ആശുപത്രിയിലാണ് പ്രവേശിപ്പിച്ച് ചികിത്സിച്ചത്.<br><br>മേൽ വിഷയത്തിൽ ജില്ലാതല വിദഗ്ദ്ധ സമിതിക്ക് അന്തിമ നിഗമനത്തിൽ എത്തിച്ചേരാൻ കഴിയാതിരുന്ന സാഹചര്യത്തിൽ, ഈ വിഷയം സംസ്ഥാന തല അപെക്സ് ബോഡിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 23/08/2025 ന് ചേർന്ന സംസ്ഥാനതല അപെക്സ് ബോഡി വിദഗ്ദ്ധാഭിപ്രായത്തിൽ എത്തിച്ചേർന്നിട്ടുള്ളതും ആയത് താമസംവിനാ പോലീസ് അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്നതുമാണ്. |
| (സി) | കുറ്റക്കാരായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിൽ ചികിത്സാ പിഴവ് ഉണ്ടായതായി പരമാർശിച്ചിട്ടില്ല. 23/08/2025-ന് ചേർന്ന സംസ്ഥാനതല അപെക്സ് ബോഡിയുടെ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥന് ഉടൻ കൈമാറുന്നതാണ്.<br><br>കോസ്മെറ്റിക് ക്ലിനിക് എന്ന സ്ഥാപനം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് രജിസ്ട്രേഷനു വേണ്ടി നൽകിയിരുന്ന രേഖകളിൽ വെളിപ്പെടുത്താത്ത liposuction surgery എന്ന ചികിത്സ നടത്തിയതായി മനസിലാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കോസ്മെറ്റിക് ഹോസ്പിറ്റൽ, അരശുംമൂട്, തമ്പുരാൻ മുക്ക്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് രജിസ്ട്രേഷൻ 10/05/2025 തീയതിയിൽ സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്. |
| (ഡി) | കോസ്മെറ്റോളജി ചികിത്സ നടത്തുന്ന സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം | (ഡി) | എല്ലാത്തരം ക്ലിനിക്കൽ സ്ഥാപനങ്ങൾക്കു വേണ്ടിയിട്ടുള്ള മിനിമം സ്റ്റാഡേർഡ്സ് **20/04/2023** |

| | | | |
|---|---|---|---|
| | സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ? | | തീയതിയിലെ **SRO 503/2023** പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഒരു ക്ലിനിക്കൽ സ്ഥാപനം സ്ഥിര രജിസ്ട്രേഷന് വേണ്ടി അപേക്ഷിക്കുമ്പോൾ അസ്സസ്സർമാർ രജിസ്ട്രേഷൻ നൽകുന്നതിനായി സ്ഥാപനങ്ങളിൽ നേരിട്ട് പോയി മിനിമം സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള മാനവ വിഭവശേഷി, നിലവാരം നിർണ്ണയിക്കുകയും അസ്സസ്സർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് ടി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകി വരികയും ചെയ്യുന്നത്. വിജ്ഞാപനം ചെയ്തിട്ടുള്ള മിനിമം സ്റ്റാൻഡേർഡ്സ് അനുസരിച്ച് കോസ്മെറ്റോളജി സേവനങ്ങൾ നൽകുന്ന ത്വക്ക് രോഗ വിദഗ്ധർക്ക് സർക്കാർ അംഗീകൃത കേന്ദ്രങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. ബ്യൂട്ടി ക്ലിനിക്കിൽ ഡെർമെറ്റോളജിസ്റ്റ് ഇല്ലാതെ കെമിക്കൽ അല്ലെങ്കിൽ ലേസർ ചികിത്സ അനുവദനീയമല്ല. ബ്യൂട്ടി ക്ലിനിക്കിൽ പ്ലാസ്റ്റിക് സർജൻ ഇല്ലാതെ ലിപ്പോസക്ഷൻ/ ലിപ്പോളിസിസ് അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ